ORTHODOX CHRISTIAN YOUTH MOVEMENT
St. Thomas Bhavan, Old Seminary Road, Kottayam
Phone : 0481 2583997

ബഹു. വൈദിക സഹോദരങ്ങളെ / പ്രിയ സഹപ്രവർത്തകരെ,

കാലത്തിന് തടയാനാവാത്ത പ്രവാഹത്തെ സൂചിപ്പിച്ച് കൊണ്ട് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം അതിന്റെ പുതിയ വർഷത്തിലേക്ക് പ്രവേശിച്ചു. പ്രാർത്ഥിക്കാം, പ്രതിരോധിക്കാം, പ്രവർത്തിക്കാം എന്നീ വാക്കുകളിൽ അടിസ്ഥാനമായി ദുരന്ത കാലത്തേ അതിജീവിക്കുന്നതിന് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എല്ലാ കേന്ദ്ര-റീജണൽ-ഭദ്രാസന- മേഖല - ഡിസ്ട്രിക്റ്റ് - യൂണിറ്റ് പ്രവർത്തകരെ അനുമോദിക്കുന്നു.

**യൂണിറ്റ് രജിസ്ട്രേഷൻ**

2022 – 2023 വർഷത്തെ രജിസ്ട്രേഷൻ ആരംഭിച്ചു. ഇന്ത്യയിലെ യൂണിറ്റുകൾക്ക് 350 രൂപായും വിദേശത്തെ യൂണിറ്റുകൾക്ക് 4000 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. 2022 സെപ്റ്റംബർ 30 ന് മുമ്പായി ആ യൂണിറ്റിന്റെ രജിസ്ട്രേഷൻ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

പല യൂണിറ്റുകൾക്ക് ബാങ്ക് അക്കൗണ്ട് നടത്തേണ്ടതുൾപ്പെടെ ധാരാളം പ്രയാസങ്ങൾ ഉണ്ടാകുന്നതിനാൽ ആ കാര്യങ്ങൾ ഏകീകരിക്കുന്നതിന്റെ പ്രാഥമിക നടപടിയുമായി ഈ വർഷം മുതൽ യൂണിറ്റ് രജിസ്റ്റർ ചെയ്യുമ്പോൾ ആ യൂണിറ്റിന് സ്ഥിരമായി ഒരു നമ്പർ എന്ന വിധത്തിൽ രജിസ്ട്രേഷൻ കാർഡ് നൽകുന്നതിന് കേന്ദ്ര കമ്മിറ്റി നിശ്ചയിച്ചിട്ടുണ്ട്.

**ഉറവയിലേക്ക് (വേദ - വിശ്വാസ പഠന പദ്ധതി)**

ഉറവയിലേക്ക് വേദ - വിശ്വാസ പഠന പദ്ധതി നാലാം വർഷത്തെ പരീക്ഷയിൽ പങ്കെടുത്ത എല്ലാവരേയും അനുമോദിക്കുന്നു. കേന്ദ്ര തലത്തിൽ യുവദർശൻ 1, 2, 3 അവാർഡുകളും ഭദ്രാസന തലത്തിൽ 1, 2 സ്ഥാനങ്ങൾ കരസ്ഥമാക്കിയവരെയും പരീക്ഷയിൽ പങ്കെടുത്ത എല്ലാവരെയും പ്രത്യേകം അഭിനന്ദിക്കുന്നു. യുവജന പ്രസ്ഥാനം മുൻ ജനറൽ സെക്രട്ടറി വെരി. റവ. മാത്യു വൈദ്യൻ കോറെപ്പിസ്ക്കോപ്പാ രചിച്ച 70 ചോദ്യങ്ങൾക്ക് ഉത്തരം എന്ന പുസ്തകത്തിലെ ഒൻപത് ഭാഗങ്ങളും വി. മത്തായിയുടെ സുവിശേഷവുമായിരുന്നു പഠന വിഷയം. പഠന പരീക്ഷ ക്രമീകരണങ്ങൾക്ക് സഹായിച്ച ഡോ. കെ. എൽ മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പാ, റവ.ഫാ.എൽവിൻ തോമസ്, കൊട്ടാരക്കര-പുനലൂർ ഭദ്രാസന കേന്ദ്ര അസംബ്ളി അംഗം ജെയ്സൺ ജേക്കബ്, പരീക്ഷ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ ഭദ്രാസന ചുമതലക്കാർ, സ്വദേശത്തും വിദേശത്തുമുള്ള യൂണിറ്റ് ചുമതലക്കാർ, UAE സോൺ ഭാരവാഹികൾ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

**ഉറവിയിലേക്ക് അഞ്ചാം വർഷത്തെ സിലബസ്**

ഡോ. കെ. എൽ മാത്യു വൈദ്യൻ കോറെപ്പിസ്കോപ്പാ രചിച്ച 70 ചോദ്യങ്ങൾക്ക് ഉത്തരം എന്ന പുസ്തകത്തിൽ നിന്നുള്ള പഠന ഭാഗങ്ങൾ

പാരമ്പര്യങ്ങൾ സഭയിൽ പ്രധാനമാണ് എന്തുകൊണ്ട്

ധൂപമർപ്പിച്ച് പ്രാർത്ഥിക്കേണ്ടത് ആവശ്യമോ. ദൈവം ത്രീയേക ദൈവമാണ് എന്ന് സഭ വിശ്വസിക്കുന്നത് എന്തുകൊണ്ട് ?

വി. കന്യക മറിയാമിന്റെ സ്ഥാനം പ്രാധ്യാനവും

കൃപ നിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയുടെ വേദാടിസ്ഥാനമെന്ത് ?

കുരിശ് വണങ്ങുന്നത് എന്തുകൊണ്ട് ?

ആരാധനാ ഗീതങ്ങളുടെ വേദാടിസ്ഥാനം

ഉൽപ്പത്തി പുസ്തകം

ഈ പഠനത്തിൽ പങ്കെടുക്കുന്നതിന് ആഗ്രഹിക്കുന്നവരുടെ പേരുകൾ, വാട്സ് ആപ്പ് നമ്പർ എന്നിവ സഹിതം അതാത് ദദ്രാസന സെക്രട്ടറി മുഖേന സെപ്റ്റംബർ 30 ന് മുമ്പായി നൽകണം. പരീക്ഷ ഡിസംബറിൽ നടത്തുന്നതാണ് .

**84 -മത് രാജ്യാന്തര സമ്മേളനം 2022 ഒക്ടോബർ 3,4,5 തീയതികളിൽ മാവേലിക്കരയിൽ**

ദൈവഹിതമായാൽ നമ്മുടെ രാജ്യാന്തര വാർഷിക സമ്മേളനം 2022 ഒക്ടോബർ 3, 4, 5 തീയതികളിൽ മാവേലിക്കര ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തുകയാണ്.

**പെട്ടകത്തിൽ നിന്ന് പുറത്തിറങ്ങുവിൻ**

(Go out of the Ark, Gensis 8:16) എന്നതാണ് മുഖ്യ ചിന്താവിഷയം. ഇടവകയിലെ ഓരോ യൂണിറ്റിൽ നിന്നും ഒരു യുവതി ഉൾപ്പടെ 2 പ്രതിനിധികൾ (ഒരാൾ യൂണിറ്റ് പ്രധാന ഭാരവാഹിയായിരിക്കണം) പള്ളിച്ചിലവിൽ വന്നു സംബന്ധിക്കണം.

ഇത് സംബന്ധമായി അഭി. പ്രസിഡന്റ് തിരുമേനിയുടെ കൽപ്പന ഇതോടൊപ്പം ബഹു. വികാരിമാർക്കു അയയ്ക്കുന്നു. ബഹു. അച്ചന്മാർ ഈ സർക്കുലറിന്റെ ഒരു കോപ്പി എല്ലാ യൂണിറ്റിനും നൽകണമേ.

*രജിസ്റ്റർ ചെയ്യേണ്ട വിധം*

1. ഔദ്യോഗിക വെബ് സൈറ്റായ www.ocym online.org, indianocym@gmail.com
2. യൂണിറ്റ് സെക്രട്ടറി അതാത് ഭദ്രാസന സെക്രട്ടറി മുഖേന രജിസ്ട്രേഷൻ നടത്താവുന്നതാണ്.
3. ആതിഥേയർക്കു പല കാര്യങ്ങളും നമുക്കുവേണ്ടി ഭംഗിയായി ക്രമീകരിക്കുന്നതിന് 2022 സെപ്റ്റംബർ 20 നു മുമ്പായി രജിസ്റ്റർ ചെയ്യണം ഇതു സംബന്ധിച്ച അന്വേഷണത്തിനു ഷിബു മാത്യു (ഓഫീസ് സെക്രട്ടറി 9947465258, 8089895258)
4. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 500 രൂപ .ഫീസ് സമ്മേളനത്തിൽ സംബന്ധിക്കുവാൻ എത്തുമ്പോൾ നൽകിയാൽ മതിയാകും

**Orthodox Christian Youth Movement Official Facebook Page**

ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഔദ്യോഗിക ഫെയ്സ് ബുക്ക് പേജാണ് Orthodox Christian Youth Movement Official Facebook Page ഇതിൽ നമ്മുടെ എല്ലാ അംഗങ്ങളും ചേരുകയും യൂണിറ്റ്, ഭദ്രാസന വാർത്തകൾ അതിൽ പ്രസിദ്ധീകരിക്കുവാൻ 9496466192, 9496367840, 9946291947, 8848302389, 9744044097, 9188692156 എന്നീ വാട്സ് അപ്പ് നമ്പറു കളിലേക്കു അയച്ചു നൽകണമെന്നും അറിയിക്കുന്നു.

2022 - 2023 വർഷത്തെ പ്രവർത്തന രൂപരേഖ എല്ലാ യൂണിറ്റുകൾക്കും ഇതോടൊപ്പം അയച്ചു നൽകുന്നതാണ്. ഇതിൻ പ്രകാരം കാര്യങ്ങൾ ക്രമീകരിക്കുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കണം.

**ഫാ. അജി കെ. തോമസ്**
ജനറൽ സെക്രട്ടറി

# ORTHODOX CHRISTIAN YOUTH MOVEMENT

**St. Thomas Bhavan, Old Seminary Road, Kottayam**

**Phone : 0481 2583997**

Orthodox Christian Youth Movement youth wing of Malankara Orthodox Syrian Church .OCYM international conference held on October 3,4,5 at Mavelikara .Orthodox church unit representatives including outside India will participate the conferce .Our Church head Catholica Bava and our bishops and other church bishops will attend We reguest your presence and also inagurate the same.

Thanking you

Dr. Geevarghese Mar Yulios Metrapolitan Sd/-
*(President)*

Fr. Aji K.Thoms Sd/-
*(General Secretary)*